(ബി) തൃപ്പൂണിത്തുറ ഗസ്റ്റ് ഹൗസ് വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടകയിനത്തിൽ പ്രതിവർഷം 48,000 രൂപ ചെലവാകുന്നുണ്ട്.

(സി) പത്തനംതിട്ടയിൽ ഒരു ഗസ്റ്റ് ഹൗസ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്; അതിനായി സ്ഥലം കണ്ടെത്തിയിട്ടുമുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഉടനെത്തന്നെ സ്ഥലം പരിശോധിച്ച് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

തേക്കടി പെരിയാർ ഹൗസ്, ഹോട്ടൽ ആരണ്യനിവാസ് എന്നിവയുടെ വരവുചെലവു കണക്കുകൾ

780 [944] ശ്രീ. കെ. കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളാ ടൂറിസം ഡെവലപ്പ്മെൻറ് കോർപ്പറേഷന്റെ മാനേജ്മെൻറിലുള്ള തേക്കടി പെരിയാർ ഹൗസ്, ഹോട്ടൽ ആരണ്യനിവാസ് എന്നിവയുടെ 1980.81 മുതൽ 1985.86 വരെയുള്ള വർഷങ്ങളിലെ വരവു ചെലവു കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

വരവു ചെലവു കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ‡

ശബരിമല തീർത്ഥാടകർ

781 [945] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്ദർശനത്തിനായി എത്തുന്ന ടൂറിസ്റ്റുകൾക്കും തീർത്ഥാടകർക്കും വളരെ പരിമിതമായ താമസ സൗകര്യങ്ങൾ മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ ടൂറിസ്റ്റ് ഡിപ്പാർട്ടുമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ടൂറിസ്റ്റുകൾക്കും തീർത്ഥാടകർക്കും യാത്രാമദ്ധ്യേ താമസിക്കുന്നതിനുള്ള കോമ്പൗണ്ടുകൾ നിർമ്മിക്കുന്നതിന് ഗവൺമെൻറ് നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ, ബി) ഉണ്ട്. പമ്പയിലും സന്നിധാനത്തിലും കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാകത്തക്ക യാത്രിക (ധർമ്മശാല)കൾ നിർമ്മിക്കുവാൻ ഉദ്ദേശമുണ്ട്. ഇതിനാവശ്യമായ സ്ഥലം വനം വകുപ്പിൽ നിന്നും ലഭിച്ചാൽ കേന്ദ്രസഹായത്തോടുകൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കാനാവും എന്നാണു പ്രതീക്ഷ.

‡ അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 780 (944) കാണുക]

പെരിയാർ ഹൗസ്, തേക്കടി

വർഷം	വരവ്	ചെലവ്	ലാഭം/നഷ്ടം
	In lakhs		
1980.81	4.94	4.06	(—) 0.88
1981.82	6.49	6.07	(+) 0.42
1982.83	6.41	8.02	(—) 1.61
1983.84	8.03	8.29	(—) 0.26
1984.85	8.92	7.76	(+) 1.16
1985.86	12.10	7.77	(+) 4.33

ആറണ്യനിവാസ്, തേക്കടി

	In lakhs		
1980.81	9.35	8.33	(+) 1.02
1981.82	11.88	12.95	(—) 1.07
1982.83	14.09	16.11	(—) 2.02
1983.84	15.98	18.20	(—) 2.22
1984.85	20.73	18.21	(+) 2.52 (പ്രൊവിഷണൽ)
1985.86	23.82	19.44	(+) 4.38

അനുബന്ധം VII

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 795 (962) കാണുക]

വാടക നിയന്ത്രണനിയമം നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകൾ

തിരുവനന്തപുരം ജില്ല—ഇല്ല

കൊല്ലം ജില്ല

1. കൊറ്റംകര
2. കുലശേഖരപുരം
3. കൊട്ടാരക്കര
4. ഇരവിപുരം
5. ഓച്ചിറ
6. മയ്യനാട്
7. പനമന
8. കൃഷ്ണപുരം

പത്തനംതിട്ട ജില്ല

9. അടൂർ
10. പത്തനാപുരം
11. ഇരവിപേരൂർ

LIBRARY ARCHIVES Kerala Legislative Assembly